**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3440** **12.05.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി ഈ സർക്കാർ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഏങ്കിൽ അവ ഏതെല്ലാമാണെന്നും, ഇതിനു വേണ്ടി എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയും, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ചെലവ് വഹിക്കുന്നത്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്ക് 9999.99 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ-വികസനത്തിനായുള്ള പദ്ധതി വിഹിതം ലാപ്സാകാതെ സമയബന്ധിതമായി വിനിയോഗിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പട്ടികജാതി വികസനത്തിനായുള്ള പദ്ധതി വിഹിതം ലാപ്സാകാതെ സമയബന്ധിതമായി വിനിയോഗിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>i. ഭവന നിർമ്മാണത്തിനായി വസ്തു വാങ്ങൽ, വീട് നിർമ്മാണം, വീട് പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായാണ് നടപ്പാക്കുന്നത്. ആയതിലേയ്ക്കായി അപേക്ഷകൾ സ്വീകരിക്കുക, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങളുടെ സമയക്രമം മുൻകൂട്ടി തയ്യാറാക്കി നടപ്പാക്കി വരുന്നു.<br>ii. ജില്ലാ ബ്ലോക്ക് തലത്തിൽ physicial/Financial target നിശ്ചയിച്ച് നൽകി ടി ലക്ഷ്യങ്ങളുടെയടിസ്ഥാനത്തിൽ പ്രൊജക്ട് നിർവ്വഹണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | iii. പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം എല്ലാ മാസവും വിളിച്ചു ചേർത്ത് പുരോഗതി വിലയിരുത്തുകയും പിന്നാക്കം നിൽക്കുന്ന ബ്ലോക്ക്/ജില്ലകളെ നിർദ്ദിഷ്ട ടാർജറ്റിലേയ്ക്ക് ഉയർത്തുവാനുള്ള നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br>iv. വിദ്യാഭ്യാസാനുകൂല്യ പദ്ധതിയും ഇ-ഗ്രാന്റ്സ് മുഖേന സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് അതീവ ജാഗ്രത പാലിച്ചു വരുന്നു. എന്നാൽ സാമ്പത്തിക നിയന്ത്രണം മൂലം നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള ഏതാനും പദ്ധതികൾക്ക് അനുവദിക്കുന്ന തുക മുഴുവനായി ചെലവഴിക്കാൻ കാലതാമസം വരുന്നത് മനസ്സിലാക്കി, തുക ലാപ്സാകാതെ ചെലവ് പ്രതീക്ഷിക്കുന്ന മറ്റ് പദ്ധതികൾക്ക് തുക അനുവദിച്ചു വരുന്നു. പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ സമയബന്ധിതമായി ചെലവഴിക്കുന്നുവെന്ന് മോണിട്ടർ ചെയ്യുകയും പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ